ശ്രീ. പാലോട് രവി : സർ, കാർഷിക സർവകലാശാലയിൽ അങ്ങ് കാണിച്ച ധീരമായ ചുവടുവയ്പിനെ ഞാൻ അംഗീകരിക്കുന്നു. കേരളത്തിലെ പല പൊതുമേഖലാ സ്ഥാപനങ്ങളിലും, അതുപോലെ ഗവൺമെന്റുടമയിലുള്ള സ്ഥാപനങ്ങളിലും കോൺട്രാക്ട് സിസ്റ്റം പോലെ ഒരു കങ്കാണിയെ വച്ചിട്ട് ആൾക്കാരെ എടുപ്പിച്ച് ജോലി ചെയ്യിക്കുന്നത് നമ്മുടെ സംസ്ഥാനത്ത് വളരെ വലിയ ദുരന്തമായി മാറിക്കൊണ്ടിരിക്കുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.പി. രാജേന്ദ്രൻ : ഞാൻ അത് അംഗീകരിച്ചുകൊണ്ടുതന്നെയാണ് പറഞ്ഞത്. കാർഷിക സർവകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ മെമ്പറാണെന്നുള്ള അനുഭവമാണ് ഞാൻ പറഞ്ഞത്. എന്തായാലും അവിടെ തുടരുന്ന സമ്പ്രദായം അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. പകരം സംവിധാനത്തിന്റെ ചർച്ചകൾ നടക്കുകയാണ്. അത് പൊതുമേഖലാ സ്ഥാപനങ്ങളിൽക്കൂടി അവസാനിപ്പിക്കണമെന്ന് വളരെ ഉറച്ച അഭിപ്രായമുള്ള ഒരു ട്രേഡ് യൂണിയൻ പ്രവർത്തകനാണ് ഞാൻ. അവസരം കിട്ടിയതുകൊണ്ട് പറഞ്ഞുവെന്ന് മാത്രം. ഈ ബില്ലിലെ വിഷയം വീട്ടുജോലിക്ക് പട്ടണങ്ങളിൽ ആളെ കിട്ടാത്ത ഒരവസ്ഥയുണ്ട്. അതാണ് ഒരു പ്രധാന പ്രശ്നം. ഒരു വീട്ടിൽ ഭാര്യക്കും ഭർത്താവിനും ജോലികാണും. കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പോകണം. വീടുകളിൽ ആളില്ല. അപ്പോൾ പട്ടണങ്ങളിൽ പ്രത്യേകിച്ച് ജോലിക്ക് ഒരാളെ കിട്ടുകയെന്നുള്ളത് ഒരു പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്. പല സ്ഥലത്തും ഇതൊരു അവസരമായി മുതലെടുത്തുകൊണ്ട് ജോലിക്ക് ആളെ സപ്ലൈ ചെയ്യുന്ന കോൺട്രാക്ടർമാർ അല്ലെങ്കിൽ ഇടനിലക്കാർ രംഗത്തുവരുന്നു. ഒരു വീട്ടിൽ ഒരു മണിക്കൂർ, മറ്റൊരു വീട്ടിൽ രണ്ടുമണിക്കൂർ ഇങ്ങനെ ജോലിചെയ്യുന്നവരെയല്ല ഞാൻ ഉദ്ദേശിക്കുന്നത്. ജോലി ചെയ്യുന്ന ആയിരക്കണക്കിന് പ്രായമായവർ ഉൾപ്പെടെ ധാരാളം ആളുകളുണ്ട്. അവർക്കൊരു സേവന-വേതന വ്യവസ്ഥ ഉണ്ടാക്കണം. അവരെ പിരിച്ചുവിടാൻ പാടില്ല. ഇല്ലായെങ്കിൽ അവർ പിരിഞ്ഞുപോകുന്ന സമയത്ത് അവർക്കൊരു ആശ്വാസം കിട്ടാനുള്ള അവസരം വേണം. ഇവരുടെ ചികിത്സ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒരു സംരക്ഷണമുണ്ടാക്കണം. ഒരു വീട്ടിലെ അംഗത്തെപ്പോലെ ജോലിക്കുവരുന്നവരോട് നല്ല രീതിയിൽ പെരുമാറുന്ന വീടുകളുമുണ്ട്. പക്ഷെ അതുകൊണ്ട് മാത്രമായില്ല. ഇതൊക്കെ ആപേക്ഷികം മാത്രമാണ്. പല സിനിമകളിലും കാണുന്നതുപോലെ ആപേക്ഷികമാണ്. അവരുടെ താല്പര്യം പോലെ ഇഷ്ടാനിഷ്ടം പോലെ എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാം. അതുകൊണ്ട് ഈ വിഭാഗം ജോലിക്കാരെ കണ്ടെത്തുവാനും അവരെക്കുറിച്ച് മനസ്സിലാക്കാനും, പഠിക്കാനും അവർക്കൊരു സേവന-വേതന വ്യവസ്ഥയുണ്ടാക്കാനും, അവർക്ക് ജീവിക്കാനാവശ്യമായ ക്ഷേമനിധിയുൾപ്പെടെ കഴിയുന്ന വിധത്തിൽ ഒരു നിയമമുണ്ടാക്കണമെന്നാണ് എന്റെ ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്.

7. 1999-ലെ കേരള സ്വകാര്യ ദേവസ്വം ക്ഷേത്രത്തൊഴിലാളി ക്ഷേമനിധിബിൽ

ശ്രീ. ബാബു ദിവാകരൻ : സർ, 1999-ലെ കേരള സ്വകാര്യ ദേവസ്വം ക്ഷേത്രത്തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതാരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.+

ശ്രീ. ആന്റണി രാജു : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

+ അനുബന്ധം - XI

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, സ്വകാര്യക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് എംപ്ലോയർ എംപ്ലോയി ബന്ധം മറ്റുള്ള മേഖലകളിലേതിനെക്കാൾ കുറവാണ്. അതുകൊണ്ട് അവർക്കൊരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ വളരെയധികം പരിമിതികളുണ്ട്, ഒട്ടേറെ പ്രശ്നങ്ങളുണ്ട്. സ്വകാര്യ ക്ഷേത്രങ്ങളിൽ അവരുടെ കുടിശ്ശിക വന്നാൽ അത് ആരിൽനിന്നു ഈടാക്കും, അങ്ങനെയുള്ള ധാരാളം പ്രശ്നങ്ങളുണ്ട്. അതുപോലെ സ്വന്തം കാലിൽ നിൽക്കാൻ ബോർഡിനുള്ളിൽ ആളെണ്ണവും ഇല്ല. അതുകൊണ്ട് ഇതുപോലൊരു സ്വകാര്യ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ബാബു ദിവാകരൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വസ്തുതകൾക്ക് നിരക്കാത്തതാണ്. കേരളത്തിലങ്ങോളമിങ്ങോളം ചെറുതും വലുതുമായ ഒരു ലക്ഷത്തോളം ക്ഷേത്രങ്ങൾ ഉണ്ടെന്നാണ് കണക്കുകൾ പറഞ്ഞിരിക്കുന്നത്. ആ ക്ഷേത്രങ്ങളിലൊക്കെയായി അഞ്ച് ലക്ഷത്തിൽപ്പരം ജീവനക്കാർ പണിയെടുക്കുന്നു. ഈ ജീവനക്കാരെ സംബന്ധിച്ചിടത്തോളം നമുക്കെല്ലാപേർക്കും അറിയാം ശാന്തിക്കാർ, കഴകം, അടിച്ചുതളി, വാച്ചർ, തന്ത്രി, വാദ്യമേളക്കാർ മുതൽ മാനേജർ വരെയുള്ളവർ ഈ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നുണ്ട്. സാമാന്യം ഭേദപ്പെട്ട ഒരു ക്ഷേത്രത്തിൽ ഏറ്റവും കുറഞ്ഞത് പത്ത് തൊഴിലാളികളെങ്കിലും ആ ക്ഷേത്രവുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. ഇന്ന് പല ക്ഷേത്രങ്ങളിലെ ജീവനക്കാരുടെയും ജീവിതം വളരെ ദുരിതപൂർണ്ണമാണ്. ഒരു കാലഘട്ടത്തിൽ കേരളത്തിലെ എല്ലാ ക്ഷേത്രങ്ങളുടേയും സ്ഥിതി ഇതായിരുന്നു. ആ ക്ഷേത്രങ്ങളിലെ ജീവനക്കാരെയെല്ലാം സംഘടിപ്പിച്ചുകൊണ്ട് ഇവരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ നടത്തിയതിന്റെ ഫലമായിട്ടാണ് കേരളത്തിൽ തിരുവിതാംകൂർ അതുപോലെതന്നെ ഗുരുവായൂർ ദേവസ്വം ബോർഡ്, കൂടൽമാണിക്യ ക്ഷേത്രം, ഭരണസമിതി ഇവയൊക്കെ ഉണ്ടായിട്ടുള്ളത്. ക്ഷേത്ര ജീവനക്കാരുടെ സംഘടനകളുടെ അല്ലെങ്കിൽ അവരുടെ സംഘടിതമായ ശബ്ദം ആ തീരുമാനത്തിന്റെയൊക്കെ പിന്നിലുണ്ടായിരുന്നു. കേരളത്തിൽ ഇനിയും പ്രത്യേകിച്ച് മലബാർ പ്രദേശത്തെ ഈ ക്ഷേത്രങ്ങളുടെ ഭരണത്തെ സംബന്ധിച്ചിടത്തോളം യാതൊരു നിബന്ധകളുമില്ലാത്തതുമൂലം വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്.

നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാട്ടി. ക്ഷേത്രങ്ങളെ ആശ്രയിച്ച് ജീവിക്കേണ്ടി വരുന്ന അഞ്ച് ലക്ഷത്തോളം ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ വളരെയേറെയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് തൊഴിലുടമ-തൊഴിലാളി ബന്ധത്തെ സംബന്ധിച്ചിടത്തോളം പ്രശ്നമുണ്ടെന്നാണ്. ഒരു പ്രശ്നവുമില്ല. മിക്കവാറും ഇവരെല്ലാം തന്നെ ഒരു ക്ഷേത്രത്തിൽ പണിയെടുക്കാൻ നിർബന്ധിതമായാൽ പിന്നെ മരിക്കുന്നതുവരെ അതിനൊരു നിബന്ധനയുമില്ല. മിക്കവാറും ആ ക്ഷേത്രവളപ്പിൽ തന്നെ മരിച്ചുവീഴുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് തൊഴിലുടമ ബന്ധത്തിന് യാതൊരു പ്രശ്നവുമില്ല.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, നമ്മുടെ ക്ഷേത്രങ്ങൾ പലതും വളരെ സമ്പന്നമാണ്. ഗുരുവായൂർ ഉൾപ്പെടെയുള്ള ക്ഷേത്രങ്ങൾ സമ്പന്നമാണ്. എന്നാൽ ചില ക്ഷേത്രങ്ങളിൽ വളരെ ദാരിദ്ര്യവുമാണ്. നിത്യവൃത്തിക്കുപോലും വഴികാണുകയില്ല. അതുകൊണ്ട് കേരളത്തിലെ ക്ഷേത്രങ്ങളെയെല്ലാം ഒരു ഭരണസംവിധാനത്തിൻ കീഴിൽ അല്ലെങ്കിൽ ഒരു മാനേജ്മെന്റിന്റെ കീഴിൽ കൊണ്ടുവരുന്നതിനോട് താങ്കൾക്ക് യോജിപ്പുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : അതിനെ സംബന്ധിച്ചിടത്തോളം അടിയന്തിരമായ ഒരു നിയമനിർമ്മാണത്തെ സംബന്ധിച്ച്, ഒരു ഏകീകൃത ദേവസ്വം ബോർഡിനെ സംബന്ധിച്ച് ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. തിരുവിതാംകൂർ മേഖലയിൽ ക്ഷേത്രവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പ്രശ്നം വളരെ രൂക്ഷമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു കോൺട്രിബ്യൂഷൻ അടയ്ക്കുന്നതിൽ കുടിശ്ശിക വന്നാൽ ആരിൽനിന്നും ഈടാക്കുമെന്ന്. ഈ ക്ഷേത്രങ്ങൾക്കെല്ലാം വ്യക്തമായ വ്യക്തിത്വമുള്ളതാണ്. എല്ലാ ക്ഷേത്രങ്ങൾക്കും ഒരു വ്യക്തിയെന്നുള്ള നിലയിൽ legal entity - ഉള്ളതാണ്. കുടുംബ ക്ഷേത്രങ്ങൾക്കുപോലും അങ്ങനെ നിയമപരമായ entity - ഉണ്ട്. ഞാൻ ഇതിൽ അംഗങ്ങളാകുന്ന ജീവനക്കാർ പ്രതിമാസം 15 രൂപവച്ച് ക്ഷേത്ര ഉടമകൾ പ്രതിമാസം ഒരു ജീവനക്കാരന് 15 രൂപ വച്ചും സർക്കാർ തത്തുല്യമായ ഒരു തുകയും ചേർത്തുള്ള ഒരു ക്ഷേമനിധിയെക്കുറിച്ചാണു ഈ ബില്ലിലൂടെ ഞാൻ വിഭാവന ചെയ്തിട്ടുള്ളത്. തികച്ചും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതാണെന്ന് ഈ ബിൽ പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയും. വളരെ ഫലപ്രദമായി ക്ഷേമപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന ഒരു നിയമത്തെ സംബന്ധിച്ച ബില്ലാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. തീർച്ചയായും ഗവൺമെന്റ് ഈ കാര്യത്തിൽ പുനരാലോചന നടത്തണം എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്. ഇതുമായി ബന്ധപ്പെട്ട് വലിയ പ്രശ്നങ്ങളുണ്ട്. ക്ഷേത്ര ജീവനക്കാർ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ മണിക്കൂറുകളോളം പറഞ്ഞാൽപ്പോലും തീരുകയില്ല. ഇവർ നമ്മുടെ സമൂഹജീവിതത്തിലെ പ്രധാനമായ ഒരു വിഭാഗമാണ്. ഇവർ നമ്മുടെ ജീവിതത്തിലെ നാനാതുറകളിലുള്ള ജനങ്ങളുമായി ബന്ധപ്പെട്ട് കഴിയുന്നുണ്ട്. ശ്രീ. പി.പി.സുലൈമാൻ റാവുത്തർ പറഞ്ഞതുപോലെ ചില ക്ഷേത്രങ്ങളിൽ നല്ല വരുമാനമുണ്ട് എങ്കിൽപ്പോലും അവരുടെ ജീവിതം വളരെ പ്രയാസമാണ്. അവർക്ക് കൃത്യമായ സേവന വേതന വ്യവസ്ഥകൾ ഇല്ല. അവരെ സംബന്ധിച്ചിടത്തോളം കൃത്യമായി ശമ്പളം ലഭ്യമാകുന്നില്ല. ജോലിക്ക് സുരക്ഷിതത്വം ഇല്ല. ഇതാണ് പല ക്ഷേത്രങ്ങളിലേയും സ്ഥിതിയെങ്കിൽ അതിനേക്കാൾ ഉപരി പല ക്ഷേത്രങ്ങളിലും അതിനെ നിലനിർത്തിക്കൊണ്ടുപോകാൻ കഴിയുന്ന നിലയിൽ വരുമാനമില്ലാത്ത ക്ഷേത്രങ്ങളുണ്ട്. അപ്പോൾ അതെല്ലാം സംയോജിപ്പിച്ചുകൊണ്ട് വരുമാനമുള്ള ക്ഷേത്രങ്ങളേയും വരുമാനമില്ലാത്ത ക്ഷേത്രങ്ങളേയും സംയോജിപ്പിച്ചുകൊണ്ട് ഈ രംഗത്ത് വരുന്ന വരുമാനം ആ രംഗത്ത് ഉപജീവനം നടത്തുന്ന ആ രംഗത്തെ ആശ്രയിച്ച് കഴിയുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്കെല്ലാപേർക്കും വീതിച്ച് ലഭ്യമാക്കത്തക്ക സാഹചര്യമുണ്ടാക്കണം. തിരുവിതാംകൂർ ദേവസ്വംബോർഡ്തന്നെ നിലനിൽക്കുന്നത് ശബരിമല ക്ഷേത്രത്തിലെ വരുമാനം കൊണ്ടാണ്. അതുപോലെ നിരവധി നല്ല വരുമാനമുള്ള ക്ഷേത്രങ്ങളുണ്ട്. കേരളത്തിന്റെ സാംസ്കാരികമേഖലയിൽ, സാമൂഹ്യവ്യവസ്ഥിതിയിൽ ക്ഷേത്രങ്ങൾക്കുള്ള സ്ഥാനത്തെക്കുറിച്ചൊന്നും ഞാൻ പ്രത്യേകമായി പറയേണ്ട ആവശ്യമില്ല.

(8)1999-ലെ കേരള മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടേഴ്സ് ആന്റ് വർക്കേഴ്സ് ക്ഷേമനിധി ബിൽ

ശ്രീ. പാലോട് രവി : സർ, 1999-ലെ കേരള മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടേഴ്സ് ആന്റ് വർക്കേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.+

+ അനുബന്ധം-XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

പത്താം കേരള നിയമസഭ

ബിൽ നമ്പർ 214

1999-ലെ കേരള സ്വകാര്യ ദേവസ്വം ക്ഷേത്ര തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. ബാബു ദിവാകരൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് സ്വകാര്യ ദേവസ്വം ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ക്ഷേത്ര ജീവനക്കാർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുനനതിനായി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.- കേരള സംസ്ഥാനത്തെ സ്വകാര്യ ദേവസ്വം ക്ഷേത്ര തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിനുവേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതിന് ആനുഷംഗികമായ മറ്റ് ചില കാര്യങ്ങൾക്കുവേണ്ടിയും നിയമം നിർമ്മിക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം നിർമ്മിക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.- (എ) ഈ ബില്ലിന് 1999-ലെ കേരള സ്വകാര്യ ദേവസ്വം ക്ഷേത്ര തൊഴിലാളി ക്ഷേമനിധി ബിൽ എന്ന് പേര് പറയാവുന്നതാണ്.

(ബി) 'തൊഴിലാളി' എന്നാൽ സ്വകാര്യ ദേവസ്വം ക്ഷേത്രത്തിൽ പണിയെടുക്കുന്ന ശാന്തി, കഴകം, അടിച്ചുതളി, വാച്ചർ, തന്ത്രി, വാദ്യമേളക്കാർ, മാനേജർ തുടങ്ങിയ ലാവണങ്ങളിൽ ജോലി ചെയ്യുന്നതിന് വേതനത്തിനായി നിയമിക്കപ്പെട്ടിരിക്കുന്ന ഏതൊരാളും എന്നർത്ഥമാകുന്നു.

(സി) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(ഡി) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.- ഈ ആക്ടിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) 'ആശ്രിതൻ'എന്നാൽ ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത ആൺമക്കൾ, അവിവാഹിതരും പ്രായപൂർത്തിയാകാത്തവരുമായ പെൺമക്കൾ, നിയമപരമായി ദത്തെടുത്ത അവിഹാതരും, പ്രായപൂർത്തിയാകാത്തവ

LIBRARY ARCHIVES Kerala Legislative Assembly

രുമായ പെൺമക്കൾ, അച്ഛൻ, അമ്മ, നിയമപരമായി വേർപ്പെടുത്തപ്പെട്ട ഭാര്യ/ഭർത്താവ് എന്നർത്ഥമാക്കുന്നതും മേൽപ്പറഞ്ഞവ ഉൾപ്പെടുന്നതും ആകുന്നു.

(ബി) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടായിട്ടുള്ള ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

3. സ്വകാര്യ ദേവസ്വം ക്ഷേത്രതൊഴിലാളി ക്ഷേമനിധി-. (1) തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും ആശ്രിതരുടേയും ക്ഷേമത്തിന് ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടതാണ്.

(2) ക്ഷേമനിധിക്കുള്ള അംശദായം ഓരോ തൊഴിലാളിയും പ്രതിമാസം 15 രൂപയും 15 രൂപ വീതം ക്ഷേത്രഭരണ സമിതികളും, തൊഴിലാളികൾ അടയ്ക്കുനനതിന്റെ അത്രയും തുക ഗ്രാന്റായി ഓരോ വർഷവും സർക്കാരും നൽകേണ്ടതും പ്രസ്തുത അംശദായം ബോർഡ് അധികാരപ്പെടുത്തുന്ന ബോർഡിലെ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതുമാണ്.

4. സ്വകാര്യ ദേവസ്വം ക്ഷേത്ര ക്ഷേമബോർഡ്.- (1) മൂന്നാം വകുപ്പ് അനുസരിച്ച് ക്ഷേമനിധിയുടെ നടത്തിപ്പിന്, മറ്റ് ബഹുമുഖക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുമായി തൊഴിലാളികളുടെ ക്ഷേമ ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ബോർഡ് രൂപീകരണം.- (എ) സർക്കാരിനെ ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിച്ചിരുന്ന തീയതി മുതൽ പ്രാബല്യം ഉണ്ടാകും വിധം നിധിയുടെ ലക്ഷ്യ-ഭരണ-നിർവ്വഹണങ്ങൾക്കായി "കേരള സ്വകാര്യ ദേവസ്വം ക്ഷേത്ര തൊഴിലാളി ക്ഷേമ നിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(ബി) ബോർഡിൽ 15 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അവരെ സർക്കാർ നാമനിർദ്ദേശം നൽകേണ്ടതും അവരിൽ 5 പേർ തൊഴിലാളികളുടെ പ്രതിനിധികളും 5 പേർ സർക്കാരിനെ പ്രതിനിധീകരിക്കേണ്ടവരും 5 പേർ ക്ഷേത്രഭരണസമിതിയും പ്രതിനിധികളും ആയിരിക്കേണ്ടതാണ്.

(സി) ബോർഡ് അംഗങ്ങളിൽ ഒരാളെ അതിന്റെ ചെയർമാനായി സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(ഡി) ബോർഡിന്റെ ചെയർമാന്റെയും അംഗങ്ങളുടെയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

5. ആസ്ഥാനവും ഓഫീസും.- സർക്കാർ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതും ക്ഷേത്ര ജീവനക്കാരുടേയും ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടേയും വിവിധ ക്ഷേമ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ ബോർഡിന് എല്ലാ റവന്യൂ ജില്ലകളിലും ഓഫീസുകൾ ഉണ്ടായിരിക്കുന്നതാണ്.

6. ആനുകൂല്യങ്ങൾ.- (1) ക്ഷേത്ര ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും തൊഴിൽ സൗകര്യവും തൊഴിൽ സംരക്ഷണവും ഉറപ്പാക്കേണ്ടതാണ്.

(2) തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനും വിവാഹത്തിനും സഹായം ഏർപ്പെടുത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും പെൻഷനും ചികിത്സാ സഹായവും ഏർപ്പെടുത്തേണ്ടതാണ്.

(4) ക്ഷേത്ര തൊഴിലാളികൾക്കും അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ്.

(5) ക്ഷേത്ര തൊഴിലാളികൾക്ക് ഭവന നിർമ്മാണ സഹായം ലഭ്യമാക്കേണ്ടതാണ്.

(6) ഈ വകുപ്പിന്റെ ഒന്നു മുതൽ അഞ്ചു വരെയുള്ള ഉപവകുപ്പുകളിൽ പറയുന്നതിൽ പുറമെ ഇവർക്കുവേണ്ടി സർക്കാരിന്/ബോർഡിനും യുക്തമെന്നു തോന്നുന്ന മറ്റ് വിവിധ ക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

7. ജപ്തിയിൽനിന്നും ഒഴിവാക്കൽ.- ഈ ആക്ടിനോ ചട്ടങ്ങൾക്കോ വിധേയമായി നൽകേണ്ട ആനുകൂല്യങ്ങൾക്ക് സിവിൽ, റവന്യൂ, ക്രിമിനൽ കോടതികളുടെ നടപടികൾ മുഖേന ജപ്തി നടത്താൻ പാടില്ലാത്തതാകുന്നു.

8. തർക്കങ്ങൾ പരിഹരിക്കുന്നതിന് സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.- (1) ഈ ആക്ട് അനുസരിച്ച് ലഭിക്കേണ്ട ആനുകൂല്യങ്ങളെ കുറിച്ച് ഏതെങ്കിലും തർക്കങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതേകുറിച്ച് നിശ്ചിത അധികാരസ്ഥൻ കേട്ട് തീരുമാനം എടുക്കേണ്ടതാണ്.

(2) പ്രസ്തുത അധികാരസ്ഥൻ ഇതിനായി നിശ്ചിത നടപടി ക്രമങ്ങൾ പാലിക്കേണ്ടതും, തീരുമാനം തൊഴിലാളികൾക്കും ആശ്രിതർക്കും, സർക്കാരിനും ഒരു പോലെ ബാധകമായിരിക്കുന്നതും, പ്രസ്തുത തീരുമാനം കോടതി മുഖേന നടപ്പിലാക്കാവുന്നതുമാണ്.

(3) ക്ഷേത്ര തൊഴിലാളികൾക്ക്/ആശ്രിതന് പ്രസ്തുത അധികാരസ്ഥന്റെ തീരുമാനത്തെക്കുറിച്ച് അതൃപ്തിയുണ്ടെങ്കിൽ സിവിൽ കോടതിയിൽ അപ്പീൽ ബോധിപ്പിക്കാൻ അവകാശമുണ്ട്.

9. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.- (1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ട് വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിനാലു ദിവസത്തേക്ക്- അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാം-അകം വെയ്ക്കേണ്ടതും, അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭാ ചട്ടത്തിൽ വല്ല ഭേദഗതിയും വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും, ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിലായിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ഇപ്പോൾ ഒരു ലക്ഷത്തിൽപരം സ്വകാര്യ ദേവസ്വം ക്ഷേത്രങ്ങളിൽ പണിയെടുക്കുന്ന ശാന്തി, കഴകം, അടിച്ചുതളി,വാച്ചർ,തന്ത്രി, വാദ്യമേളക്കാർ, മാനേജർ തുടങ്ങിയ ലാവണങ്ങളിൽ 5 ലക്ഷത്തിലധികം പേർ ഉപജീവനാർത്ഥം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ഈ വിഭാഗം തൊഴിലാളികളും ഇവരെ ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങളും സാമ്പത്തികമായും സാമൂഹികമായും ആരോഗ്യപരമായ കാര്യങ്ങളിൽ അവഗണിക്കപ്പെടുകയാണ്. സംസ്ഥാനത്ത് പ്രസ്തുതവിഭാഗം തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പര്യാപ്തമായ നിയമം നിലവിലില്ല. അവർക്ക് ആരോഗ്യപരമായ കാരണങ്ങളാൽ തൊഴിൽരംഗം വിടേണ്ടിവരുമ്പോഴും അപകടങ്ങളിൽ പെടുമ്പോഴും ചികിത്സാ സൗകര്യങ്ങളും വൃദ്ധരായവർക്ക് അവശതാ പെൻഷൻ നടപ്പാക്കുകയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യങ്ങൾക്ക് ധനസഹായം നൽകുകയും ചെയ്യേണ്ടത് അനിവാര്യമായിരിക്കുന്നതിനാൽ നിയമപ്രകാരമുള്ള ഒരു ക്ഷേമ നിധി രൂപീകരിക്കേണ്ടത് ആവശ്യമെന്ന് കരുതുന്നു.

ഇവരുടെ ക്ഷേമത്തിനായി ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കേണ്ടത് വർഷങ്ങളായി ഉന്നയിക്കുന്ന ഒരാവശ്യമായതിനാലാണ് ഈ നിയമത്തിന് രൂപം നൽകുന്നത്.

ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ക്ഷേത്ര ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും നൽകണമെങ്കിൽ ഗവൺമെന്റിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതാണ്. കേരളത്തിലെ വിവിധ ജില്ലകളിൽ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവർ ഉദ്ദേശം 5 ലക്ഷത്തിലധികം വരുമെങ്കിലും അവരുടെ കൃത്യമായ എണ്ണവും ഈ ബില്ലനുസരിച്ച് അവർക്ക്/അവരുടെ ആശ്രിതർക്ക് നൽകുന്ന ആനുകൂല്യങ്ങളും നിർണ്ണയിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ എന്തുമാത്രം സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന് തിട്ടപ്പെടുത്താൻ കഴിയൂ. എന്നിരുന്നാലും ഈ ഇനത്തിൽ ഉദ്ദേശം 50 ലക്ഷം രൂപയുടെ പ്രാരംഭ ചിലവ് സഞ്ചിത നിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

ഏൽപ്പിച്ചു കൊടുക്കുന്ന നിയമനിർമ്മാണം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ബില്ലിന്റെ 9-ാം വകുപ്പുപ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് . ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കാനും, സഭയ്ക്ക് അത് ഭേദഗതി ചെയ്യാനോ റദ്ദാക്കുവാനോ ഉള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കു വേണ്ടിയാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെടുന്ന നിയമനിർമ്മാണ അധികാരം സംബന്ധച്ച് നൽകിയിട്ടുള്ള അധികാരം സാധാരണസ്വഭാവത്തിലുള്ളതാണ്.

ബാബു ദിവാകരൻ, എം.എൽ.എ.

LIBRARY ARCHIVES Kerala Legislative Assembly